**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 05.06.2018 ലെ OA 885/2018 നം. ഉത്തരവ് പാലിച്ച് സർക്കാർ വകുപ്പുകളിൽ ഒഴിവുള്ള ഡ്രൈവർ തസ്തികകളിലോ സമാനമായ മറ്റ് തസ്തികകളിലേയ്ക്കോ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നൽകണമെന്ന അനക്സർ എ6 അപേക്ഷയിലെ ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ (സാധാ) നം. 2467/2018/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം, 22/09/2018**

---

പരാമർശം : 1. 26/02/2016 ലെ സ.ഉ(പി) 28/2016/ഫിൻ ഉത്തരവ്

2. ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 05.06.2018 ലെ OA 885/2018 നം. ഉത്തരവ്

3. പഞ്ചായത്ത് ഡയറക്ടറുടെ 09.08.2018 ലെ PAN/21121/2014-E14 (DP) നമ്പർ കത്ത്

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ വെമ്പായം, കരകുളം, പോത്തൻകോട്, അണ്ടൂർക്കോണം, ആനാട് എന്നീ ഗ്രാമപഞ്ചായത്തുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ ഡ്രൈവർമാരായി ജോലി ചെയ്ത് വന്നിരുന്ന ശ്രീ.നിസാമുദ്ദീൻ.എം, ശ്രീ.ജയക്കുട്ടി, ശ്രീ.എസ്.സത്യപ്രകാശ്, ശ്രീ.ഷിബുകുമാർ, ശ്രീ.പ്രദീപ് കുമാർ എന്നിവർ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ 885/2018 ൽ ബഹു.ട്രിബ്യൂണൽ പരാമർശം (2) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ അപേക്ഷകരെ നേരിൽ കേട്ട് അവർ സമർപ്പിച്ച അനക്സർ എ6 നിവേദനത്തിൻമേൽ 3 മാസത്തിനുള്ളിൽ തീരുമാനം കൈക്കൊള്ളുന്നതിന് ഉത്തരവായിരുന്നു. 15/11/2006 മുതൽ വിവിധ ഗ്രാമപഞ്ചയാത്തുകളിൽ താൽക്കാലിക ഡ്രൈവർമാരായി ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്ത് വരികെ പ്രസ്തുത തസ്തികയിലേയ്ക്ക് പി.എസ്.സി നിയമന ശുപാർശ ലഭിച്ച ഉദ്യോഗാർത്ഥികൾ സേവനത്തിൽ പ്രവേശിക്കുന്നതിനാൽ തങ്ങളുടെ ജോലി നഷ്ടപ്പെട്ടുമെന്നും തങ്ങൾക്ക് ജോലി നഷ്ടപ്പെടുന്ന അവസരം ഉണ്ടാകരുതെന്നും പരാമർശം (1) ഉത്തരവിലെ വ്യവസ്ഥപ്രകാരം സർക്കാർ വകുപ്പുകളിൽ ഒഴിവുള്ള ഡ്രൈവർ തസ്തികകളിലോ സമാനമായ മറ്റ് തസ്തികകളിലേയ്ക്കോ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നൽകണമെന്നും ആവശ്യപ്പെട്ട് അപേക്ഷകർ സമർപ്പിച്ച 10.04.2018 ലെ അപേക്ഷയാണ് അനക്സർ എ6.

ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവിൻ പ്രകാരം അപേക്ഷകരായ ശ്രീ.നിസാമുദ്ദീൻ മുതൽ പേരെ നേരിൽ കേട്ടു. ഹിയറിംങ് വേളയിൽ അനക്സർ എ6 നിവേദനത്തിലെ ആവശ്യങ്ങൾ ആവർത്തിക്കുകയും കൂടാതെ വിവിധ ഗ്രാമപഞ്ചയത്തുകളിൽ പ്രവർത്തിക്കുന്ന പാലിയേറ്റീവ് കെയർ യൂണിറ്റുകളിൽ ആംബുലൻസ് ഡ്രൈവർമാരുടെ

സേവനം ആവശ്യമുള്ളതായും പ്രസ്തുത യൂണിറ്റുകളിൽ ടിയാൾക്കാർക്ക് ദിവസവേതനവ്യവസ്ഥയിൽ നിയമനം നൽകണമെന്നും അഭ്യർത്ഥിച്ചു തിരുവനന്തപുരം ജില്ലയിലെ വെമ്പായം, കരകുളം, പോത്തൻകോട്, അണ്ടൂർക്കോണം, എന്നീ ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടെ 52 ഗ്രാമപഞ്ചായത്തുകളിൽ 09/07/2015 ലെ സ.ഉ(കൈ)നം.232/2015/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഡ്രൈവർ തസ്തിക സൃഷ്ടിച്ചുകൊണ്ട് സർക്കാർ ഉത്തരവായിരുന്നു. ആയതിൻപ്രകാരം ടി ഗ്രാമപഞ്ചായത്തുകളിൽ പി.എസ്.സി യുടെ നിയമന ശുപാർശയുടെ അടിസ്ഥാനത്തിൽ 03/04/2018 തീയതിയിൽ തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നിയമന ഉത്തരവ് പുറപ്പെടുവിക്കുകയും വെമ്പായം, കരകുളം, പോത്തൻകോട്, അണ്ടൂർക്കോണം, എന്നീ ഗ്രാമപഞ്ചായത്തുകളിൽ പി.എസ്.സി മുഖാന്തിരം ഡ്രൈവർമാർ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. ആനാട് ഗ്രാമപഞ്ചായത്തിൽ ഡ്രൈവർ തസ്തിക സൃഷ്ടിച്ചിട്ടില്ലാത്തതും നിലവിലുള്ള വാഹനത്തിന്റെ ഡ്രൈവറായി ശ്രീ.ഷിബുകുമാർ തുടർന്നുവരുന്നതുമാണ്. വെമ്പായം ഗ്രാമപഞ്ചായത്തിന്റെ താല്ക്കാലിക ഡ്രൈവറായി ശ്രീ.പ്രദീപ് കുമാർ ഇപ്പോൾ ഗ്രാമപഞ്ചായത്തിന്റെ പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമായിട്ടുള്ള ആംബുലൻസിന്റെ താല്ക്കാലിക ഡ്രൈവറായി ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വരികയാണ്. പോത്തൻകോട് ഗ്രാമപഞ്ചായത്തിലെ താല്ക്കാലിക ഡ്രൈവറായിരുന്ന ശ്രീ.ജയക്കുട്ടി ഇപ്പോൾ ഗ്രാമപഞ്ചായത്തിന് കീഴിലുള്ള ബഡ്സ് സ്കൂളിന്റെ മിനി ബസ് ഡ്രൈവറായി ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വരികയാണെന്നും പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു തിരുവനന്തപുരം ജില്ലയിലെ വിവിധ ഗ്രാമപഞ്ചായത്തുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ ഡ്രൈവർമാരായി സേവനം അനുഷ്ഠിച്ചു വന്നിരുന്ന അപേക്ഷകരിൽ ശ്രീ.ഷിബുകുമാർ ഒഴികെയുള്ളവരെ പി.എസ്.സി വഴി നിയമിതമായ റഗുലർ ജീവനക്കാരെ നിയമിക്കുന്നതിനുവേണ്ടിയാണ് വിടുതൽ ചെയ്തിട്ടുള്ളത്. ആയത് ക്രമപ്രകാരമാണ്. നിവേദകർ ചൂണ്ടിക്കാണിച്ചിട്ടുള്ള പരാമർശം (1) ലെ ഉത്തരവ് ദിവസവേതന ജീവനക്കാരുടെയും കരാർ ജിവനക്കാരുടെയും വേതനം വർദ്ധിപ്പിച്ചുകൊണ്ടുള്ള ഉത്തരവാണ്. പ്രസ്തുത ഉത്തരവിന്റെ ആമുഖമായി തന്നെ സർക്കാരും ഗ്രാന്റ്-ഇൻ എയ്ഡ് സ്ഥാപനങ്ങളും കഴിയുന്നത്ര ദിവസവേതനവ്യവസ്ഥയിലോ താൽക്കാലിക വ്യവസ്ഥയിലോ ജീവനക്കാരെ നിയോഗിക്കാതെ പി.എസ്.സി വഴിയോ അല്ലെങ്കിൽ അതാതു സ്ഥാപനങ്ങൾ അവയുടെ സ്പെഷ്യൽ റൂൾ പ്രകാരമോ അല്ലെങ്കിൽ ആ സ്ഥാപനത്തിന് പ്രത്യേകമായ നിയമനം സംബന്ധിച്ച ഉത്തരവ് പ്രകാരമോ നിയമനം നടത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നിരുന്നാലും അടിയന്തര സാഹചര്യങ്ങളിൽ സർക്കാരോ ഗ്രാന്റ്-ഇൻ എയ്ഡ് സ്ഥാപനങ്ങളോ ദിവസവേതന/താല്ക്കാലിക/കരാർ വ്യവസ്ഥയിൽ നിയമനം നടത്തേണ്ടി വന്നാലുള്ള വ്യവസ്ഥകളാണ് പ്രസ്തുത ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്നത്. എന്നാൽ ഈ കേസിൽ പി.എസ്.സി നിയമനം ലഭിച്ച ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിനുവേണ്ടിയാണ് അപേക്ഷകരായ ദിവസവേതനക്കാരെ വിടുതൽ ചെയ്തിട്ടുള്ളത് എന്നതിനാൽ അത് ക്രമപ്രകാരമാണ്. മാനുഷിക പരിഗണന നൽകി അപേക്ഷകർക്ക് സർക്കാരിന്റെ മറ്റേതെങ്കിലും സ്ഥാപനങ്ങളിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി നൽകണമെന്ന അപേക്ഷ അംഗീകരിക്കാനാവില്ല. എന്നാൽ നിവേദകർ അപേക്ഷിച്ചിട്ടുള്ളത്പോലെ പഞ്ചായത്തുകളുടെ കീഴിൽ പ്രവർത്തിക്കുന്ന പാലിയേറ്റീവ് കെയർ പദ്ധതിയിൽ താൽക്കാലികമായി ഡ്രൈവർമാരെ ആവശ്യമുള്ള പക്ഷം ഇവർ അപേക്ഷ സമർപ്പിക്കുകയാണെങ്കിൽ ഇവരുടെ തൊഴിൽ പരിചയം,അനുയോജ്യത എന്നിവ പരിഗണിച്ച് ദിവസവേതനാടിസ്ഥാനത്തിൽ

നിയമനം നൽകുന്നത് സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റിക്ക് തന്നെ ക്രമപ്രകാരം തീരുമാനം കൈക്കൊള്ളാവുന്നതാണ്.

**മേൽ സാഹചര്യത്തിൽ തിരുവനന്തപുരം ജില്ലയിലെ വിവിധ ഗ്രാമപഞ്ചായത്തുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ ഡ്രൈവർമാരായി താൽക്കാലികമായി ജോലി ചെയ്തിരുന്ന ശ്രീ.നിസാമുദ്ദീൻ മുതൽ പേർ മേൽ സമർപ്പിച്ച അനക്സർ എ 6 നിവേദനത്തിലെ ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

പരാമർശം (2) ലെ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് **ഇപ്രകാരം പാലിച്ചിരിക്കുന്നു.**

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ. ബി**

**ഡെപ്യൂട്ടി സെക്രട്ടറി**

ശ്രീ. നിസാമുദ്ദീൻ.എം, വഹീദാ മൻസിൽ, കൈപ്പള്ളി റോഡ്,തിരുവനന്തപുരം - 695301
ശ്രീ. ജയക്കുട്ടി, ഉദയാ ഭവൻ, ചെറുവല്ലി, പോത്തൻകോട്.പി.ഒ,തിരുവനന്തപുരം-695584
ശ്രീ. എസ്.സത്യപ്രകാശ്,അരുമാംകോട്ട് കോണത്ത് വീട്,കാച്ചാണി, കരകുളം. പി.ഒ, തിരുവനന്തപുരം - 695564
ശ്രീ. ഷിബുകുമാർ,സൂര്യാ നിവാസ്, പഴയകിടങ്ങിൽ, പനവൂർ. പി.ഒ,തിരുവനന്തപുരം-695568
ശ്രീ. പ്രദീപ്കുമാർ,കാഞ്ഞിരവിളകത്ത് വീട്,തീപ്പുകൽ, പോത്തൻകോട്.പി.ഒ, തിരുവനന്തപുരം - 695584

അഡ്വക്കേറ്റ് ജനറൽ,കേരളം, വഞ്ചിയൂർ,തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം ജില്ല.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ **(എ&ഇ)/(ആഡിറ്റ്),** കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)(സർക്കാരിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EP A2/ 133/ 2018-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ